## ബൂത്ത് ലെവൽ ഓഫീസർ

# ഇ-പത്രിക

വാല്യം-4, മാർച്ച് 2023




## പോളിങ് ദിനം

# എഡിറ്റോറിയൽ കമ്മിറ്റി

എൻ.എൻ. ബ്യൂട്ടോലിയ
സീനിയർ പ്രിൻസിപ്പൽ സെക്രട്ടറി
( ഇലക്ടറൽ റോൾ)

അശോക് കുമാർ
ഡയറക്ടർ (ഐടി)

എസ്.സുന്ദർ രാജൻ
ഡയറക്ടർ (ഇവിഎം)

ദീപാലി മസിർക്കർ
ഡയറക്ടർ
(ഇലക്ഷൻ പ്ലാനിങ്)

കുൽദീപ് കുമാർ സഹരാവത്ത്
ഡയറക്ടർ (ട്രെയിനിംഗ്),
ഐഐഐഡിഇഎം

സന്തോഷ് അജ്മീര
ഡയറക്ടർ (SVEEP)
മെമ്പർ കൺവീനർ

# എഡിറ്റോറിയൽ ടീം

ആർ കെ സിംഗ്
കോർഡിനേറ്റർ (SVEEP)

അനുജ് ചന്ദക്
ജോയിന്റ് ഡയറക്ടർ (SVEEP)

നൂപൂർ പ്രവീൺ
കമ്മ്യൂണിക്കേഷൻ കൺസൾട്ടന്റ്

ഇഷാ ഖാൻ
ഗ്രാഫിക് ഡിസൈനർ

# ഇന്ത്യൻ ജനാധിപത്യത്തിന്റെ കാലാൾ പടക്ക് മുന്നോട്ടുള്ള ദിശാസൂചിക




## വോട്ടർമാരെ ബോധവത്ക്കരിക്കുകയും അറിയിക്കുകയും ചെയ്യുക

- യോഗ്യരായ എല്ലാ പൗരന്മാരെയും വോട്ടർ ആക്കുന്നതിനും, വോട്ടർ കാർഡ് (EPIC) ലഭ്യമാക്കുന്നതിനും ബിഎൽഒ പൊതുജനങ്ങളെ സഹായിക്കുന്നു.

- ECI ആപ്പുകളെയും, ഇവയിലെ അപ്ഡേറ്റുകൾ, തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ തുടങ്ങിയവ ബിഎൽഒ പൗരന്മാരെ പരിചയപ്പെടുത്തുന്നു

- വോട്ടർ പട്ടികയിൽ നിന്ന് പേര് നീക്കം ചെയ്യൽ, കൂട്ടിച്ചേർക്കൽ, എൻട്രികളിലെ തെറ്റു തിരുത്തൽ എന്നിവയ്ക്കുള്ള ഫോമുകൾ ബിഎൽഒ വിതരണം ചെയ്യുകയും, ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി ഈ റിപ്പോർട്ട് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് (ERO) സമർപ്പിക്കുകയും ചെയ്യുന്നു

- ബിഎൽഒ പ്രാദേശിക തലത്തിൽ ആളുകളുമായി ഇടപഴകി മരണപ്പെട്ട /താമസം മാറിയ/ഡ്യൂപ്ലിക്കേറ്റ് വോട്ടർമാരെ നിയമാനുസൃതമായ നടപടിക്രമങ്ങൾക്ക് ശേഷം വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്യണം.

## വോട്ടർ ഗൈഡ് വിതരണം

- ഒരു വോട്ടർ ഗൈഡിൽ സുരക്ഷാ നിർദ്ദേശങ്ങളും, പോളിംഗ് ബൂത്തിൽ പാലിക്കേണ്ട പ്രോട്ടോക്കോൾ, വോട്ട് ചെയ്യാനാവശ്യമായ അംഗീകൃത തിരിച്ചറിയൽ രേഖകൾ, EVM-VVPAT മുഖേന എങ്ങനെ വോട്ട് ചെയ്യണമെന്ന നിർദ്ദേശം, മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കുമുള്ള പ്രത്യേക സൗകര്യങ്ങൾ എന്നിവ അടങ്ങിയിരിക്കും.

- തിരഞ്ഞെടുപ്പിന് 5 ദിവസം മുമ്പ് വോട്ടർ സ്ലിപ്പുകൾ വിതരണം ചെയ്യുന്നതിനോടൊപ്പം, പ്രാദേശിക ഭാഷയിലേക്ക് വിവർത്തനം ചെയ്ത വോട്ടേഴ്സ് ഗൈഡും ബിഎൽഒമാർ വിതരണം ചെയ്യണം.




## പുതുക്കിയ വോട്ടർ പട്ടിക



- പുതുക്കിയതും അംഗീകൃതവുമായ വോട്ടർ പട്ടിക വോട്ടെടുപ്പ് ദിവസം ബിഎൽഒയുടെ കൈവശം ഉണ്ടായിരിക്കണം

- വോട്ടർമാർ വോട്ട് ചെയ്യുന്നതിനായി എത്തുമ്പോൾ വിശദാംശങ്ങൾ പരിശോധിക്കാൻ ഇത് ഉപയോഗിക്കാവുന്നതാണ്

- വോട്ടെടുപ്പ് പ്രക്രിയ സുഗമമാക്കാൻ വോട്ടർപട്ടിക തെറ്റുകളില്ലാത്തതായിരിക്കണം

## വോട്ടർമാർക്കുള്ള സേവനങ്ങൾ



- വോട്ടെടുപ്പ് ദിവസത്തിന് മുന്നോടിയായി യോഗ്യരായ വോട്ടർമാർക്ക് (PwD/ മുതിർന്ന പൗരന്മാർ) പിക്ക് ആൻഡ് ഡ്രോപ്പ് സൗകര്യം ഏർപ്പെടുത്താൻ ബിഎൽഒമാർ മുൻകൂറായി രജിസ്റ്റർ ചെയ്യണം.

- കോവിഡ് രോഗികൾക്കും , ശാരീരിക അസ്വസ്ഥതകൾ ഉള്ള മുതിർന്ന പൗരന്മാർക്കും വീട്ടിലിരുന്ന് വോട്ട് ചെയ്യാൻ അവസരമുണ്ട്. അതിനായി ബന്ധപ്പെട്ട റിട്ടേണിംഗ് ഓഫീസർക്ക് ഒരു അപേക്ഷ നൽകണം.ഇത്തരം അപേക്ഷകൾ BLO മാർ ക്രോഡീകരിച്ച്, ആവശ്യമായ ഏകോപനം ഉറപ്പാക്കി ബന്ധപ്പെട്ട റിട്ടേണിംഗ് ഓഫീസർമാർക്ക് കൈമാറണം.

# വോട്ടെടുപ്പ് ദിവസം ഹെൽപ്പ് ഡെസ്ക് ചുമതല നിർവഹിക്കൽ

വോട്ട് ചെയ്യാൻ വന്ന എല്ലാ വോട്ടർമാരുടെയും റെക്കോർഡ് BLO സൂക്ഷിക്കണം

അതത് ബൂത്തുകളിലെ ഹെൽപ്പ് ഡെസ്കിൽ അംഗീകൃത വോട്ടർ പട്ടികയിൽ നിന്ന് വോട്ടർമാരുടെ പേര് കണ്ടെത്തുന്നതിന് അവരെ സഹായിക്കാൻ വേണ്ട നടപടികൾ ബിഎൽഒമാർ നിർബന്ധമായും സ്വീകരിക്കണം

വോട്ടെടുപ്പിന് ശേഷം, തിരഞ്ഞെടുപ്പിന് വോട്ട് ചെയ്യാത്തവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അവരുടെ പങ്കാളിത്തമില്ലായ്മയുടെ കാരണം കണ്ടെത്തുകയും ചെയ്യണം



# സ്മാർട്ട് ബിഎൽഒ: തിരഞ്ഞെടുപ്പ് കമ്മീഷന്റെ ആപ്പുകൾ പരമാവധി പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യണം

**തിരഞ്ഞെടുപ്പ് പ്രക്രിയയും അതിന്റെ മുൻവ്യവസ്ഥകളും സുഗമമാക്കുന്നതിനായി, ഇൻ-ഹൗസ് ആപ്ലിക്കേഷനുകളുടെ ഒരു പരമ്പര തന്നെയാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർമ്മിച്ചിട്ടുള്ളത്. ബിഎൽഒമാർ ഈ ആപ്പുകളെ പൗരന്മാർക്ക് പരിചയപ്പെടുത്തുകയും അവയുടെ ഉപയോഗം വിവേകപൂർവ്വം പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.**

## തിരഞ്ഞെടുപ്പിൽ സാങ്കേതികവിദ്യയുടെ ഉപയോഗം കാര്യക്ഷമമാക്കാൻ സ്മാർട്ട് ബിഎൽഒ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

### വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ്

- വോട്ടർ രജിസ്ട്രേഷൻ, മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പ്രൊഫൈൽ, തത്സമയ തിരഞ്ഞെടുപ്പു ഫലം എന്നിവയ്ക്ക് സഹായിക്കുന്നു
- വോട്ടർമാർക്ക് അവരുടെ പേര് തിരയാനും, സ്വന്തം പോളിംഗ് സ്റ്റേഷൻ കണ്ടെത്താനും തന്റെ വോട്ടർ ഐഡി കാർഡ് സ്കാൻ ചെയ്താൽ മതിയാവും.

### നിങ്ങളുടെ സ്ഥാനാർത്ഥിയെ അറിയുക


- വോട്ടർമാർക്ക് ഈ മൊബൈൽ ആപ്ലിക്കേഷനിലൂടെ സ്ഥാനാർത്ഥികളുടെ വിശദാംശങ്ങൾ, സത്യവാങ്മൂലം, ക്രിമിനൽ പശ്ചാത്തലം ഉൾപ്പെടെയുള്ള വിവരങ്ങളും ലഭിക്കുന്നതാണ്.

### സാക്ഷം ആപ്പ്

- ഭിന്നശേഷിക്കാർക്ക് (ജംഉറ) വേണ്ടിയുള്ള ആപ്ലിക്കേഷനാണിത്. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് സഹായം തേടാനും, പേര് തിരയൽ, പോളിംഗ് സ്റ്റേഷനിലേക്കുള്ള വഴികാട്ടിയായും മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ലിസ്റ്റ് കാണുന്നതിനും സാക്ഷം ആപ്പ് സഹായിക്കുന്നു.

### സി വിജിൽ ആപ്പ്


- പൗരന്മാർക്ക് വോട്ടെടുപ്പ് സമയത്തുള്ള മാതൃക പെരുമാറ്റ ചട്ടലംഘനങ്ങളായ പണം വിതരണം, വാഗ്ദാനങ്ങൾ നൽകൽ, മദ്യ വിതരണം,സമ്മാന വിതരണം എന്നിവ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യാവുന്നതും അതിന്മേൽ എൻഫോഴ്സ്മെന്റ് ഏജൻസികൾ യുക്തമായ നടപടികൾ 100 മിനിറ്റിനുള്ളിൽ സ്വീകരിക്കുന്നതാണ്.



# ഗരുഡ ആപ്പ്

**വോട്ടർമാരെ സംബന്ധിച്ച ഫോം 6, 7, 8അ എന്നിവയിലെ മാറ്റങ്ങൾ വേഗത്തിൽ കണ്ടെത്താൻ ഈ ആപ്പ് ബിഎൽഒമാരെ സഹായിക്കുന്നു. ഫീൽഡ് വേരിഫിക്കേഷൻ സമയത്ത് ഇത് ഏറെ ഉപകാരപ്രദമാണ്. അനുബന്ധ രേഖകളും ഫോട്ടോകളും ഡിജിറ്റൽ രൂപത്തിൽ അപ്ലോഡ് ചെയ്യാൻ ഈ ആപ്പിലൂടെ തടസ്സങ്ങളില്ലാതെ സാധിക്കും.**

**രാജ്യത്തുടനീളമുള്ള ബൂത്ത് ലെവൽ ഓഫീസർമാർ എത്രത്തോളം വ്യാപകമായി ഗരുഡ ആപ്പ് ഉപയോഗിക്കുന്നു എന്ന് താഴെയുള്ള ചിത്രം വ്യക്തമാക്കുന്നു**




ആകെ ആപ്പ് ഉപയോക്താക്കൾ = 10,43,697

# എൻവിഡി 2023: രാജ്യമെമ്പാടും വിപുലമായി ആഘോഷിച്ചു

എല്ലാ വർഷവും ജനുവരി 25 ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ദേശീയ സമ്മതിദായക ദിനം ആഘോഷിക്കുന്നു. ദേശീയ, സംസ്ഥാന, ജില്ല, ബൂത്ത് തലങ്ങളിൽ നടത്തുന്ന പരിപാടിയിലൂടെ തിരഞ്ഞെടുപ്പ് പങ്കാളിത്തവും, അവബോധവും പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.
തിരഞ്ഞെടുപ്പ് പ്രാധാന്യം തിരിച്ചറിയുന്നതിനായി രാജ്യമൊട്ടാകെ നടത്തിയ ആഘോഷങ്ങളുടെ ചില ചിത്രങ്ങളാണ് ചുവടെ.




ബഹു. രാഷ്ട്രപതി തിരഞ്ഞെടുപ്പ് കമ്മീഷണർ എന്നിവർക്കൊപ്പം ദേശീയ തലത്തിൽ മികച്ച തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ അവാർഡ് ജേതാക്കൾ




ബഹു. രാഷ്ട്രപതി, തിരഞ്ഞെടുപ്പ് കമ്മീഷണർ എന്നിവർക്കൊപ്പം ECI ഗാനത്തിലെ പ്രമുഖർ

# മികച്ച ബിഎൽഒ പുരസ്കാരങ്ങൾ
## ദേശീയ സമ്മതിദായക ദിനം 2023

### ആസ്സാം




വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർത്തവരെ പ്രചോദിപ്പിക്കുന്നതിനും ദേശീയ സമ്മതിദായക ദിനത്തിന്റെ പ്രാധ്യാന്യം ബോധിപ്പിക്കുന്നതിനും ഉതൽബൂരി ജില്ലയിൽ 13 ആം വോട്ടേഴ്സ് ദിനം ആഘോഷിച്ചു.

### ആൻഡമാൻ & നിക്കോബാർ




മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ (A&N) ബിഎൽമാർക്ക് അനുമോദന സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

### തമിഴ്നാട്




ജില്ല കളക്ടർ, തിരു. എം.അരവിന്ദ് IAS, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ മികച്ച ബിഎൽഒമാരെ ആദരിച്ചു.

### ബുദ്ഗാം, ശ്രീനഗർ



ജമ്മു കശ്മീരിലെ ശ്രീനഗർ ജില്ലയിലെ ബുദ്ഗാമിലെ ഹോർട്ടികൾച്ചർ സോണൽ ഓഫീസിൽ ദേശീയ സമ്മതിദായക ദിനം ആഘോഷിച്ചു.

### രാജസ്ഥാൻ



രാജസ്ഥാനിലെ ജലാവാറിൽ ജില്ല തിരഞ്ഞെടുപ്പ് ഓഫീസർ മികച്ച ബിഎൽഒമാരെ ആദരിച്ചു.

### രാജസ്ഥാൻ



ബിഎൽഒ ആപ്പ് വഴി ഡിജിറ്റലായി പരമാവധി ഫോറം 6 വിതരണം ചെയ്ത, ശ്രീ രാജേന്ദ്ര പ്രസാദ്ല ശർമ, ഹെഡ് മാസ്റ്റർ, ജിപിഎ്, ബീഡ് കാ ഖേഡാ, പാർട്ട് നമ്പർ. 253,എസി– മണ്ഡാൽ(ബിൽവാര, രാജസ്ഥാൻ) പ്രത്യേക പുരസ്കാരത്തിന് അർഹനായി.

## ഡൽഹി




ശ്രീമതി. പർവീൻ, പാർട്ട് നമ്പർ-206, AC34(മറ്റിയാൽ) സൗത്ത് വെസ്റ്റ് ഡൽഹി. 18-19 പ്രായപരിധിയിലുള്ള യുവവോട്ടർമാരെ പരമാവധി വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയതിന് NVD 2023ന്റെ ഭാഗമായി പുരസ്കാരം ലഭിച്ചു.

## ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ



DMRC ട്വീറ്റ്- 'ദേശീയ സമ്മതിദായക ദിനം ജനുവരി 25നാണ് എല്ലാവർഷവും ആഘോഷിക്കുന്നത്. 'വോട്ട് ചെയ്യുന്നതിനോളം മഹത്തരം മറ്റൊന്നുമില്ല, ഞാൻ ഉറപ്പായും വോട്ട് ചെയ്യും' എന്നതാണ് ഈ വർഷത്തെ ആപ്തവാക്യം. ഈ അവസരത്തിൽ DMRC യിലെ എല്ലാ ഓഫീസുകളിലെയും ജീവനക്കാർ സമ്മതിദായക പ്രതിജ്ഞ ചൊല്ലി. മാറ്റത്തിനായി എല്ലാവർക്കും വോട്ട് ചെയ്യാം.'

## SSB ശ്രീനഗർ



Bn എസ്എസ്ബി ശ്രീനഗറിലെ(J&K) ഉദ്യോഗസ്ഥർ വോട്ടേഴ്സ് ദിനത്തിൽ സമ്മതിദായക പ്രതിജ്ഞ ചൊല്ലി.

## വനം പരിസ്ഥിതി വകുപ്പ്



'വോട്ട് ചെയ്യുന്നതിനോളം മഹത്തരം മറ്റൊന്നുമില്ല, ഞാൻ ഉറപ്പായും വോട്ട് ചെയ്യും' എന്ന ആപ്തവാക്യത്തോടെയുള്ള 13-ാമത് ദേശീയ സമ്മതിദായക ദിനം ആൻഡമൻ നിക്കോബാറിലെ വനം പരിസ്ഥിതി വകുപ്പ് ജീവനക്കാർ പ്രതിജ്ഞ ചൊല്ലി പങ്കാളികളായി.









## CISF ഓഫീസർമാർ

രാജ്യത്തിന്റെ ജനാധിപത്യ പാരമ്പര്യം സംരക്ഷിക്കുന്നതിനും അന്തസ്സുറ്റതും സ്വതന്ത്രവും സമാധാനപരവും നീതിപൂർവ്വവുമായ തിരഞ്ഞെടുപ്പ് നടത്തിപ്പിനായും NVD 2023ന്റെ ഭാഗമായി CISF ഓഫീസർമാരും ഉദ്യോഗസ്ഥരും സമ്മതിദായക പ്രതിജ്ഞ ചൊല്ലി.
@ CISF യൂണിറ്റ്സ് & ഫോർമേഷൻസ്










# താഴെത്തട്ടിൽ നിന്നുള്ള കഥ

തിരു.പി. ചിന്നപ്പയ്യൻ തമിഴ്നാട്ടിലെ ധർമ്മപുരി ജില്ലയിലെ നല്ലമ്പള്ളായി താലൂക്കിലാണ് താമസം. ധർമ്മപുരി നിയമസഭാ മണ്ഡലത്തിലെ പാർട്ട് നമ്പർ 262ൽ ബി.എൽ.ഒ ആണ്. പ്രധാനമായും, BLO ആദ്യം നേരിട്ട തടസ്സം കാഴ്ചശക്തിയായിരുന്നു. അദ്ദേഹത്തിന് ഒരു കണ്ണിന് 40% ത്തോളം കാഴ്ച ശക്തിയില്ലായിരുന്ന ഭിന്ന ശേഷിക്കാരനായിരുന്നു. ഊതമലയിൽ പെന്നാഗരം താലൂക്കിലെ  ഗവ.ഹൈസ്കൂളിൽ പോസ്റ്റ് ഗ്രാജുവേറ്റ് അധ്യാപകനായി ജോലി ചെയ്ത് വരുകയായിരുന്നു ചിന്നപ്പയ്യൻ. ജോലിസ്ഥലമായ ഊതമലയിൽ നിന്ന് 60 കിലോമീറ്റർ അകലെയാണ്ഇദ്ദേഹത്തിന്റെ വീടും  ബി.എൽ.ഒ. ആയി നിയമിതനായ സ്ഥലമെന്നതും മറ്റൊരു വെല്ലുവിളിയായി.



ഈ പ്രദേശത്ത് ചിന്നപ്പയ്യൻ ബിഎൽഒ ആയി ചുമതലയേറ്റിട്ട് ഇപ്പോൾ ഒരു പതിറ്റാണ്ടിലേറെയായി. വോട്ടർമാർക്കെല്ലാം അദ്ദേഹം സുപരിചിതനുമാണ്. ഏൽപ്പിച്ച ജോലികൾ പൂർത്തിയാക്കുന്ന തിനായുള്ള സൂക്ഷ്മമായ നിരീക്ഷണ പാടവവും എല്ലാ വിശദാംശങ്ങളിലേക്കും കടന്നുള്ള ചിട്ടയായ രീതിയും ചിന്നപ്പയ്യന്റെ ട്രേഡ് മാർക്കാണ്. EPICആധാർ ബന്ധിപ്പിക്കുന്ന സമയത്ത്, അദ്ദേഹം ഓരോ വീട്ടിലെയും ഗൃഹനാഥനെ വ്യക്തിപരമായി വിളിച്ചാണ് വിശദാംശങ്ങൾ ശേഖരിച്ചിരുന്നത്. ഗരുഡ ആപ്പിൽ BLO  സ്ഥിരമായി പ്രസക്തമായ ഡാറ്റ അപ്ലോഡ് ചെയ്യുകയും കയ്യിലുള്ള സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് വോട്ടർമാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കൂടാതെ, ആധാർ ലിങ്കിംഗ്, എസ്എസ്ആർ, ദേശീയ സമ്മതിദായക ദിനം തുടങ്ങിയ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപ്ഡേറ്റുകൾ അറിയിക്കാൻ വോട്ടർമാർക്കായി ഒരു WhatsApp ഗ്രൂപ്പും സൃഷ്ടിച്ചു. കാലക്രമേണ എല്ലാ കഠിനാധ്വാനത്തിനും ഫലം ലഭിക്കുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. തന്റെ 703 വോട്ടർമാരുടെയും EPIC ആധാർ ബന്ധിപ്പിക്കൽ പൂർത്തിയാക്കി ധർമ്മപുരി ജില്ലയിൽ EPICആധാർ ബന്ധിപ്പിക്കൽ പ്രക്രിയ 100 ശതമാനം പൂർത്തിയാക്കുന്ന  ആദ്യ വ്യക്തിയായി ചിന്നപ്പയ്യാൻ. അദ്ദേഹത്തിന്റെ പ്രയത്നങ്ങൾക്ക് ജില്ലാ ഭരണകൂടം പ്രശംസാപത്രവും ഉപഹാരവും സമ്മാനിച്ചു.

# ബാത്തോം ബാത്തോം മേം

## ബിഎൽഒയുമൊത്തൊരു സംഭാഷണം

**ജമ്മു & കാശ്മീർ**
**ശ്രീമതി. ലീലോ ദേവി, AC 74 R S പുര- ജമ്മു സൗത്ത് മണ്ഡലം, പോളിംഗ് സ്റ്റേഷൻ നമ്പർ: 52, ജില്ല:- ജമ്മു**

ഐസിഡിഎസ് ഡിപ്പാർട്ട്മെന്റിലെ അങ്കണവാടി വർക്കറായ ശ്രീമതി ലീലോ ദേവി, കഴിഞ്ഞ 6 വർഷമായി BLO ആയി മികച്ച രീതിയിൽ പ്രവർത്തിച്ച് വരികയാണ്. 2022 ലെ പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കലിന്റെ ഭാഗമായി പ്രശംസനീയമായ രീതിയിലുള്ള പ്രവർത്തനമാണ് ലീലോ ദേവി നടത്തിയത്.



വോട്ടർ പട്ടിക പുതുക്കലിന്റെ ആദ്യ ദിവസം മുതൽ, അതായത് 15 സെപ്റ്റംബർ 2022 ൽ തന്നെ ലീലോ ദേവി വോട്ടർമാരുടെ വീട് സന്ദർശിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. അവരുടെ പോളിംഗ് സ്റ്റേഷൻ ഏരിയയിലെ എല്ലാ വീടുകളും സന്ദർശിക്കുന്നതിന് പുറമെ, വോട്ടർമാർ കൂടുതൽ സജീവമായി പങ്കെടുക്കുന്നതിനായി പഞ്ചായത്തുകൾ തോറും ക്യാമ്പുകൾ സംഘടിപ്പിച്ചു.



പരമാവധി ആളുകൾ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് പ്രോത്സാഹിപ്പിക്കാനായി ഗുരുദ്വാരകളും ക്ഷേത്രങ്ങളും വഴി ലീലോ ദേവി തന്നെ മൈക്ക് അനൗൺസ്മെന്റുകൾ നടത്തി. എല്ലാ ഫോമുകളും ഡിജിറ്റിലൈസ് ചെയ്തതിനോടൊപ്പം, വളരെ നേരത്തെ തന്നെ 100% എന്ന ലക്ഷ്യം കൈവരിക്കുകയും ചെയ്തു. ജമ്മുവിലെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ ലീലോ ദേവിക്ക് അവാർഡ് നൽകുകയും ചെയ്തു.






भारत निर्वाचन आयोग

**ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ**

# ഇസിഐ ഗാനം

## ''മെയ്ൻ ഭാരത് ഹൂൻ, ഹം ഭാരത് കെ മത്തതാ ഹേ''

ഞാൻ ഭാരതമാണ്
എന്നിലുണ്ട്. ഭാരതം
ഞാൻ ശക്തിയാണ്
എന്നിലുണ്ട് ശക്തി

നമിക്കുന്നു ഞങ്ങൾ ഭാരതത്തെ
വീരന്മാർ ഞങ്ങൾ ഇരുകൈകളാൽ
ഭാരതത്തിന്റെ ഭാഗ്യവിധാതാക്കൾ ഞങ്ങൾ
ഞങ്ങൾ ഭാരതത്തിന്റെ സമ്മതിദായകർ
വോട്ടു ചെയ്യാൻ വോട്ടു ചെയ്യാൻ
പോയീടും ഭാരതത്തിനായ്

**ഗാനം പൂർണമായി കേൾക്കാം** - https://youtu.be/to324JIljf8

